## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ഫെബ്രുവരി 13, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

26(*181) പുതിയ ഊർജ്ജ നയം

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, പുതിയ കാലഘട്ടത്തിന്റെ സാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്താവുന്ന രീതിയിൽ തനത് ഊർജ്ജ നയം രൂപീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും ഇതിന്റെ കരട് രൂപം തയ്യാറാക്കുന്നതിനായി ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വിദഗ്ധ സമിതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഓരോ മേഖലയിലെയും പ്രധാന ശീർഷകങ്ങളുടെ കരട് തയ്യാറാക്കുന്നതിന് വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും

ചുമതലപ്പെടുത്തിയിട്ടുണ്ട്. പുനരുപയോഗം സാധ്യമായ പരിസ്ഥിതി സൗഹൃദ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുക, പൊതു സ്ഥലങ്ങളിലും കെട്ടിടങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക, കാർബൺ ബഹിർഗമനം കുറയ്ക്കുക, ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുക, പമ്പ്ഡ് സ്റ്റോറേജ്, Vehicle to Grid (V2G), Battery Energy Storage System (BESS) തുടങ്ങിയവയുടെ സാധ്യതകൾ പരിശോധിക്കുക, വൈദ്യുതിയുടെ ഉത്പാദന-പ്രസരണ-വിതരണത്തിൽ വരുത്തേണ്ട മാറ്റങ്ങൾ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, വൈദ്യുതി സുരക്ഷ, വൈദ്യുതി വാഹന നയം, കെട്ടിട നിർമ്മാണ ചട്ട ഭേദഗതി, ഊർജ്ജ മേഖലയിൽ നൂതന ആശയങ്ങൾ രൂപീകരിക്കുക എന്നിവയാണ് പുതിയ ഊർജ്ജ നയത്തിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നതെന്നും വിദഗ്ധരുടെ അഭിപ്രായങ്ങൾകൂടി പരിഗണിച്ചുകൊണ്ടായിരിക്കും സമഗ്ര ഊർജ്ജ നയം പ്രസിദ്ധീകരിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ച് വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും സോളാർ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

27(*182) <u>കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക പ്രതിസന്ധി</u>

വൈദ്യുതി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അധിക വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഹ്രസ്വകാല വൈദ്യുതി കരാറുകളിലൂടെയും പവർ എക്സ്ചേഞ്ചിൽനിന്നും ഉയർന്ന നിരക്കിലും വൈദ്യുതി വാങ്ങേണ്ടിവന്നതിനാൽ കെ.എസ്.ഇ.ബി.എൽ.-ന് ഈ സാമ്പത്തിക വർഷം 1180 കോടി രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ടെന്നും ഇത് തരണം ചെയ്യുന്നതിന് ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പുറത്തുനിന്ന് ഉയർന്ന തോതിൽ വൈദ്യുതി വാങ്ങേണ്ട സാഹചര്യമുണ്ടായതും പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങുമ്പോൾ തുക മുൻകൂറായി നൽകേണ്ടിവന്നതും കെ.എസ്.ഇ.ബി.എൽ-ന്റെ ധനകാര്യ മാനേജ്മെന്റിനെ സമ്മർദ്ദത്തിലാക്കിയിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് കുടിശ്ശിക നിവാരണത്തിന് പലിശ ഇളവോടെയുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക 3347.43 കോടി രൂപയാണെന്നും ഇത് ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. വാട്ടർ അതോറിറ്റിയുടെ തനതുമാസ കറണ്ട് ചാർജ് ഒരു എസ്ക്രോ അക്കൗണ്ട് വഴി അടയ്ക്കുന്നതിന് ഉത്തരവായിട്ടുണ്ട്. 5 ഏക്കറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക്

സൗജന്യമായാണ് വൈദ്യുതി ലഭ്യമാക്കുന്നത്. ദീർഘകാല വൈദ്യുതി കരാറുകൾക്ക് അംഗീകാരം റദ്ദ് ചെയ്ത നടപടി പുനഃപരിശോധിക്കണമെന്ന് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വൈദ്യുതി വിതരണം പുനഃസ്ഥാപിക്കുന്നതിനായി കമ്പനികളുമായി ചർച്ച ചെയ്തുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരമില്ലാതെ കരാറിലേർപ്പെട്ടതിനാലാണ് ദീർഘകാല വൈദ്യുതി കരാർ റദ്ദുചെയ്യപ്പെട്ടതെന്നും പ്രത്യേകാധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ ഇടപെടൽ നടത്തിയിട്ടുണ്ടെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

28(*183) <u>നവസംരംഭകരെ സൃഷ്ടിക്കുന്നതിനായി കർമ്മപദ്ധതി</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, നവസംരംഭകരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി 850 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം വഴി സംരംഭകത്വ പരിശീലനം നൽകുന്നതിനും

സംവിധാനമുണ്ട്. സംരംഭകത്വ വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സാമ്പത്തിക സഹായവും ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്. യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തുന്നതിനും സാങ്കേതിക പരിശീലനം ലഭിച്ച സംരംഭകരെ സൃഷ്ടിക്കുന്നതിനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കേരള സാങ്കേതിക സർവ്വകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതി അനുസരിച്ച് സാങ്കേതിക-മാനേജ്മെന്റ് തലങ്ങളിൽ പരിഹരിക്കേണ്ട വിഷയങ്ങൾ ഇന്റേൺഷിപ്പിന്റെ ഭാഗമായി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് നൽകി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നിവ ഉൾപ്പെടെയുള്ള 22 പ്രയോറിറ്റി ഏരിയകൾക്ക് പുതിയ വ്യവസായ നയത്തിൽ ഊന്നൽ നൽകിയിട്ടുണ്ടെന്നും ഐ.ബി.എം-മായി ചേർന്ന് ഇന്റർനാഷണൽ 'എ.ഐ. കോൺക്ലേവ്' സംഘടിപ്പിക്കുമെന്നും കേരളത്തെ റോബോട്ടിക്സ് ഹബ്ബാക്കി മാറ്റാനുള്ള കർമ്മ പദ്ധതി തയ്യാറാക്കുമെന്നും പഞ്ചായത്തുകൾ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് വ്യവസായ പാർക്കുകൾ വികസിപ്പിക്കുന്നതിന് സഹായം നൽകുമെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

29(*184) സംസ്ഥാനത്തിന്റെ ധനപ്രതിസന്ധി മറികടക്കാൻ നടപടി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന GSDP അടിസ്ഥാനമാക്കിയുള്ള വായ്പാ പരിധിക്കുള്ളിൽനിന്നുകൊണ്ട് മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂവെന്നും 2015-16 മുതൽ ജി.എസ്.ഡി.പി.-യിലുള്ള വർദ്ധനവിന് ഏറെക്കുറെ ആനുപാതികമായ വർദ്ധനവാണ് കടത്തിലും ഉണ്ടായിട്ടുള്ളതെന്നും സഭയെ അറിയിച്ചു. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ പൊതുകടത്തിന്റെയും ജി.എസ്.ഡി.പി-യുടെയും അനുപാതത്തിനനുസരിച്ച് പൊതുകടത്തിന്റെ തോതിൽ വർദ്ധനവുണ്ടായിട്ടില്ല. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അധികവായ്പയെ ആശ്രയിക്കേണ്ടിവന്നത് കടത്തിന്റെ വർദ്ധനവിന് കാരണമായിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള SDRF, SDMF, Local Body Grant എന്നിവയിൽ യഥാക്രമം 138.8 കോടി രൂപ, 69.4 കോടി രൂപ, 1920.58 കോടി രൂപ വീതം ലഭ്യമാകാനുണ്ട്. 2022-23 സാമ്പത്തിക വർഷം വരെ പിരിച്ചെടുക്കേണ്ട നികുതി കുടിശ്ശിക

19975.43 കോടി രൂപയാണെന്നും അധിക വിഭവ സമാഹരണത്തിൽ പുരോഗതി നേടിയെന്നും തനത് നികുതി വരുമാനത്തിൽ 50 ശതമാനത്തിലധികം വർദ്ധനവുണ്ടാക്കാൻ സാധിച്ചുവെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.